LIBRARY ARCHIVES Kerala Legislative Assembly

വരുന്നു. കൂടാതെ കോട്ടക്കൽ മുനിസിപ്പാലിറ്റിക്ക് വേണ്ടിയുള്ള ഉപരിതല ജലസംഭരണികൾ, ഇതിലേക്ക് ജലമെത്തിക്കുന്ന പ്രധാന വിതരണ പൈപ്പ് ലൈനുകൾ, വിതരണ ശൃംഖല എന്നിവയുടെ ഡിസൈൻ തയ്യാറാക്കുന്നതിന്റെ ഭാഗമായുള്ള സർവ്വേ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. ഡിസൈൻ തയ്യാറാക്കി ഡി.പി.ആർ. നിർമ്മിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

(ബി) പ്രസ്തുത പദ്ധതി സംബന്ധിച്ച് വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ അറിയിക്കുമോ?

ബഹു. ജലവിഭവ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിലും ബഹു. കോട്ടക്കൽ നിയോജകമണ്ഡലം എം.എൽ.എ.-യുടെ സാന്നിദ്ധ്യത്തിലും നിയമസഭാ മന്ദിരത്തിലെ മന്ത്രിയുടെ ചേംബറിൽ 10-6-2021-ന് 11.30 മണിക്ക് കൂടിയ അവലോകന യോഗത്തിലെ തീരുമാനങ്ങളും അതിൻമേൽ സ്വീകരിച്ച തുടർനടപടികളും അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) പദ്ധതി സംബന്ധിച്ച് കേരള വാട്ടർ അതോറിറ്റി മലപ്പുറം ജില്ല എക്സിക്യൂട്ടീവ് എഞ്ചിനീയർ, ചീഫ് എഞ്ചിനീയർ എന്നിവർ സ്വീകരിച്ച നടപടികൾ അറിയിക്കുമോ?

കുറ്റിപ്പുറത്തിനും സമീപ പഞ്ചായത്തുകൾക്കുമായി തയ്യാറാക്കുന്ന സമഗ്ര കുടിവെള്ള പദ്ധതിയുടെ ഉൽപ്പാദനഘടകങ്ങളും കോട്ടക്കൽ മുനിസിപ്പാലിറ്റിക്കുവേണ്ടിയുള്ള ഉപരിതല ജലസംഭരണി, പ്രധാന വിതരണ പൈപ്പ് ലൈനുകൾ, വിതരണ ശൃംഖല എന്നിവയുടെ സർവ്വേ നടപടികൾ പൂർത്തിയാക്കി ഡി.പി.ആർ. തയ്യാറാക്കുന്ന പ്രവൃത്തി ഡിവിഷൻ തലത്തിൽ നടന്നു വരുന്നു.

കുടിവെള്ള വിതരണ പൈപ്പുകൾ

234(540) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തിരുരങ്ങാടി മണ്ഡലത്തിലെ കാലപ്പഴക്കത്താൽ കേടുപാടുകൾ വന്ന കുടിവെള്ള വിതരണ പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

തിരുരങ്ങാടി മണ്ഡലത്തിൽ പരപ്പനങ്ങാടി മുനിസിപ്പാലിറ്റിയിൽ പരപ്പനങ്ങാടി മുതൽ പാലത്തിങ്കൽ വരെയുള്ള വിതരണ പൈപ്പുകളും പമ്പിംഗ് മെയിനും 2014-15-ൽ സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി മാറ്റി സ്ഥാപിച്ചിട്ടുണ്ട്. 2021-22-ൽ നമ്പലം സൗത്ത്, അയോദ്ധ്യ നഗർ പരിയാപുരം റോഡ്, വി. പി. അച്യുതൻ റോഡ്, പള്ളിപ്പുറം റോഡ് എന്നിവിടങ്ങളിൽ പഴയ എ. സി. പൈപ്പ് മാറ്റിയിടുന്നതിന് 48 ലക്ഷം രൂപയുടെയും 2020-21-ൽ കരിപറമ്പ് കലക്കയം പമ്പ് ഹൗസിൽ റോഡിൽ പഴയ എ. സി. പൈപ്പ് മാറ്റിയിടുന്നതിനും 7 ലക്ഷം രൂപയുടെ ഭരണാനുമതിയും നൽകിയിട്ടുണ്ട്. തിരുരങ്ങാടി, പരപ്പനങ്ങാടി മുനിസിപ്പാലിറ്റികളിലെ നിലവിലുള്ള പദ്ധതികൾ വളരെ പഴക്കം ചെന്നതായതിനാലും മുനിസിപ്പൽ പ്രദേശങ്ങൾ പൂർണ്ണമായി ഉൾപ്പെട്ടിട്ടില്ലാത്തതുമായതിനാൽ പുതിയ പദ്ധതികൾ നടപ്പിലാക്കേണ്ടതും വിതരണ ശൃംഖലകൾ മാറ്റിയിടേണ്ടതുമുണ്ട്. നന്നമ്പ്ര പഞ്ചായത്തിൽ നിലവിൽ പദ്ധതികൾ ഇല്ലാത്തതിനാൽ ജൽ ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി പുതിയ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.

ഗുരുവായൂർ മണ്ഡലത്തിൽ വാട്ടർ അതോറിറ്റിയുടെ പദ്ധതികൾ

235(541) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ മണ്ഡലത്തിൽ വാട്ടർ അതോറിറ്റി നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ?

1. ജൽജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി ഗുരുവായൂർ നിയോജക മണ്ഡലത്തിലെ കടപ്പുറം, ഒരുമനയൂർ, പുന്നയൂർ, പുന്നയൂർക്കുളം, വടക്കേക്കാട്, എങ്ങണ്ടിയൂർ എന്നീ പഞ്ചായത്തുകളിൽ 15,275 കുടിവെള്ള കണക്ഷനുകൾ നൽകുന്നതിനായി 2872.28 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയതിൻ പ്രകാരമുള്ള പ്രവൃത്തികൾ നടന്നുവരുന്നു. നിലവിൽ 1900 കണക്ഷനുകൾ നൽകിയിട്ടുണ്ട്.

2. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സംയുക്ത പദ്ധതിയായ അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി ഗുരുവായൂർ മണ്ഡലത്തിൽ കേരള ജല അതോറിറ്റി നടപ്പിലാക്കുന്ന 150.88 കോടി രൂപയുടെ പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു. പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.